നമ്പർ 295/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
2007 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം സഭയിലെ ബാലികാ - ബാല സമാജങ്ങൾ ഏകോപിപ്പിച്ച് ബാലസമാജം എന്ന പേരിൽ പുതിയ ഭരണഘടനാപ്രകാരം കേന്ദ്രതലത്തിൽ നമ്മുടെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പ്രസിഡന്റായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ വിവരം നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. ഏതെങ്കിലും ഇടവകയിൽ പുതിയ ഭരണഘടനാ ക്രമം അനുസരിച്ച് ബാലസമാജത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാ എങ്കിൽ എത്രയും വേഗം അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് നാം സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

മാർ യൂഹാനോൻ മാംദാനായുടെ ജനനം അനുസ്മരിക്കുന്ന യൽദോ നോമ്പിലെ രണ്ടാം ഞായറാഴ്ച ഈ വർഷം മുതൽ സഭയിൽ **ബാലദിനമായി** ആചരിക്കേണ്ടതാണ്. ഈ വർഷം അത് ഡിസംബർ മാസം 9-ാം തിയതി ഞായറാഴ്ചയാണ്. അന്നേദിവസം സഭയിലെ എല്ലാ ബാലികാ - ബാലന്മാർക്കും വേണ്ടി ഇടവകകളിൽ പ്രത്യേകം പ്രാർത്ഥന നടത്തുകയും ബാലസമാജ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഇടവക തലത്തിൽ പ്രത്യേക പരിപാടികൾ ക്രമീകരിക്കുകയും ചെയ്യണം. സഭയുടെ ഭാവി പ്രവർത്തനങ്ങളിൽ പങ്കാളികളാകത്തക്കവണ്ണം കുഞ്ഞുങ്ങളെ ഉത്സുകരാക്കുന്നതിൽ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണം.

അഖില മലങ്കര ബാല സമാജത്തിന്റെ വാർഷിക ക്യാമ്പ് 2008 ജനുവരി 12, 13 തീയതികളിൽ പരുമല സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ക്യാമ്പിന്റെ വിശദ വിവരങ്ങൾ ബന്ധപ്പെട്ടവർ നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 നവംമ്പർ മാസം 20 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.